ഇ.എം.എസ്. ഭവനപദ്ധതി

181(473) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. യു. സി. രാമൻ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എം.എസ്. ഭവനപദ്ധതി, ഗ്രാമപഞ്ചായത്ത് സ്ഥാപനങ്ങളെ കടക്കെണിയിലാക്കുകയാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പദ്ധതിക്ക് നീക്കിവയ്ക്കുന്ന തുകയുടെ 15 ഇരട്ടി തുക ബാങ്ക് വായ്പയെടുക്കാമെന്ന വ്യവസ്ഥ പ്രകാരം വൻ തുക കടമെടുത്ത ഗ്രാമപഞ്ചായത്തുകൾ അത് വകമാറ്റി ചെലവഴിച്ചതുമൂലം പദ്ധതി പൂർത്തിയാക്കാനാവാതെ പ്രതിസന്ധിയിലായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു;

(ഡി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച പരസ്പരവിരുദ്ധമായ സർക്കുലറുകൾ പദ്ധതി നടത്തിപ്പിനെ പ്രതികൂലമായി ബാധിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തുനടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഇ) എത്ര വീടുകൾ നിർമ്മിക്കാനാണ് ഈ പദ്ധതി പ്രകാരം ലക്ഷ്യമിട്ടിരുന്നതെന്നും അവയിൽ എത്രയെണ്ണം പൂർത്തിയാക്കിയെന്നും എത്ര തുക ഇതേവരെ ചെലവഴിച്ചുവെന്നും അറിയിക്കുമോ;

(എഫ്) ഇതുസംബന്ധിച്ച വ്യവസ്ഥകളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തി പുറപ്പെടുവിച്ച സർക്കുലറുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടില്ല.

(ബി&സി) 2009-10-വർഷത്തിൽ അനുവദനീയമായ ആകെ വികസന ഫണ്ടിന്റെ 15 ശതമാനത്തിന് തുല്യമായ തുകയുടെ പത്ത് മടങ്ങ് ആണ് ഇഎംഎസ് ഭവന പദ്ധതിക്ക് ബാങ്ക് വായ്പയായി എടുക്കുന്നത്. ഗ്രാമപഞ്ചായത്തുകൾ മേൽ വായ്പ വക മാറ്റി ചെലവഴിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടില്ല.

(ഇ) ഇഎംഎസ് ഭവന പദ്ധതി പ്രകാരം 9 ലക്ഷം വീടുകൾ നിർമ്മിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. 2007 ഏപ്രിൽ മുതൽ 30-11-10-വരെ 3.5 ലക്ഷം വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. പഞ്ചായത്തുകൾക്ക് സഹകരണ സ്ഥാപനങ്ങളിൽനിന്നും 1534.14 കോടി രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്. നഗരസഭകൾക്ക് സഹകരണ ബാങ്കുകളിൽ നിന്നും 2,90,77,35,486 രൂപ വായ്പ എടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(എഫ്) ഇ.എം.എസ്. ഭവന പദ്ധതിയുടെ പുതുക്കിയ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചതിനുശേഷം പുറപ്പെടുവിച്ച സർക്കുലറുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly